# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No. 57/PR/PIC/PHQ/18 Date : 09.03.2018

---

## ഇൻസ്പെക്ടർ എസ്.എച്ച്.ഒ സ്റ്റേഷനുകൾക്ക് അധിക നിർദ്ദേശങ്ങൾ

സംസ്ഥാനത്ത് ചുമതലയേറ്റ 203 പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയ ഇൻസ്പെക്ടർ എസ് എച്ച് ഒ മാരുടെ പ്രവർത്തനം സംബന്ധിച്ച് അധിക നിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി ലോക്നഥ് ബെഹറ പുറപ്പെടുവിച്ചു. എസ് എച്ച് ഒ മാരായി ഇൻസ്പെക്ടർമാരെ നിയോഗിച്ചത് കാര്യക്ഷമതയും പ്രവർത്തനമികവും വർധിപ്പിക്കാൻ സഹായിച്ചിട്ടുണ്ട്. അത് കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ നിർദ്ദേശങ്ങൾ.

ഇനിമുതൽ ഇൻസ്പെക്ർ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കായിരിക്കും അവരവർക്ക് ചുമതല നല്കിയിട്ടുള്ള സ്റ്റേഷനുകളുടെ പൂർണ്ണ ഉത്തരവാദിത്വം. അതാത് സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കായിരിക്കും. ഇത്തരം എല്ലാ പോലീസ് സ്റ്റേഷനുകളിലും ക്രമ സമാധാന പാലനത്തിന്റേയും കുറ്റാന്വേഷണത്തിന്റേയും ചുമതലക്കാരായി രണ്ടു സബ് ഇൻസ്പെക്ടർമാർ ഉണ്ടായിരിക്കും. ഓരോ സ്റ്റേഷന്റെയും സാഹചര്യത്തിനനുസരിച്ച് കുറ്റാന്വേഷണ വിഭാഗത്തിന് വേണ്ട അംഗസംഖ്യ ജില്ല പോലീസ് മേധാവി വിഭജിച്ചു നല്കണം.

സ്റ്റേഷനിലെ പോലീസുദ്യോഗസ്ഥരുടെ ഡ്യൂട്ടി നോട്ട് ബുക്ക് എഴുതുക, പരാതികളിൽ തീർപ്പ് കല്പിക്കുക, പാസ്പോർട്ട് വെരിഫിക്കേഷൻ റിപ്പോർട്ട് തയ്യാറാക്കി അയക്കുക, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ, സമൻസിന്റെയും വാറണ്ടിന്റെയും അടക്കം ചുമതലകൾ എന്നിവ് സ്റ്റേഷനുകളിലെ ക്രമസമാധാന ചുമതലയുള്ള സബ് ഇൻസ്പെക്ടർമാരാണ് നിർവ്വഹിക്കേണ്ടത്. ഗൗരവസ്വഭാവമുള്ള പരാതികൾ സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ പരിഗണനയ്ക്കും ഉത്തരവിലേയ്ക്കുമായി കൈമാറ്റം ചെയ്യണം. കേസ് രജിസ്റ്റർ ചെയ്യുന്ന പക്ഷം അന്വേഷണത്തിന് ക്രൈം സബ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തണം. കേസ് അന്വേഷണങ്ങളുടെ ആകെ മേൽനോട്ടവും രജിസ്റ്റർ ചെയ്യപ്പെടുന്ന ഗുരുതര കേസുകളിലെ അന്വേഷണ ചുമതലയും സ്റ്റേഷൻ ഹൗസ് ഓഫീസർമാർ നിർവ്വഹിക്കണം. മുൻപുണ്ടായിരുന്ന സർക്കിൾ ഓഫീസുകൾ പോലീസ് സ്റ്റേഷൻ നിലനിൽക്കുന്ന കോമ്പൗണ്ടിൽ തന്നെയാണെങ്കിൽ പ്രസ്തുത ഓഫീസ് സ്റ്റേഷൻ

ഹൗസ് ഓഫീസറുടെ ഓഫീസായി ഉപയോഗിക്കണം. പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്ന് പുറത്താണ് സർക്കിൾ ഓഫീസുകളെങ്കിൽ അത് പോലീസുദ്യോഗസ്ഥരുടെ വിശ്രമ മുറിയായോ കേസ് എഴുതാനിരിക്കുന്നവരുടെ മുറിയായോ ഉപയോഗപ്പെടുത്തണം. പഴയ സർക്കിൾ ഓഫീസുകളിൽ ജോലി ചെയ്തിരുന്ന സർക്കിളിലെ മറ്റു പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥരെ അതത് പോലീസ് സ്റ്റേഷനുകളികലേക്ക് തിരിച്ചയയ്ക്കണം. ഈ നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കുന്നുവെന്ന് എല്ലാ ജില്ലാ പോലീസ് മേധാവിമാരും ഉറപ്പാക്കണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

************